Coverage Report: TCS IT Wiz – pre and Post-event Kochi

**Publication**: Thejus
**Edition**: Kochi
**Date**: 17.10.2014
**Page**: 3
**Headline**: TCS IT WIZ Quiz:  Loyola School wins

# ടിസിഎസ് ഐടി വിസ് ക്വിസ്: ലയോള സ്കൂൾ വിജയികൾ

കൊച്ചി: ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര, വിഘ്നേഷ് കൃഷ്ണൻ സഖ്യം വിജയികളായി. പൈങ്ങോട്ടൂർ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിലെ ബ്രിട്ടോ സാബു-കെവിൻ ജോർജ് സഖ്യത്തിനാണ് രണ്ടാം സ്ഥാനം. ദേശീയ തലത്തിൽ നടക്കുന്ന ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള കേരളത്തെ പ്രതിനിധീകരിക്കും.

ഇന്ത്യയിലെ ഏറ്റവും വലിയ ഇന്റർ സ്കൂൾ ഐടി ക്വിസ് മത്സരമാണ് ടിസിഎസ് ഐടി വിസ്. കൊച്ചി കലൂർ ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ നടന്ന കൊച്ചി എഡിഷൻ ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ വിവിധ സ്കൂളുകളിൽ നിന്നായി 1300-ൽ അധികം കുട്ടികൾ മത്സരിക്കാനായെത്തിയിരുന്നു. വിജയികൾക്ക് പുറമെ കാക്കനാട് ഭവൻസ് ആദർശ വിദ്യാലയയിലെ കാർത്തിക് ഗണപതി, വാസുദേവ് ചക്രവർത്തി, കോഴിക്കോട് ഭാരതീയ വിദ്യാഭവനിലെ അലോക് റിയോൺ, അമൃത് ചന്ദ്, തൃശൂർ ഭവൻസ് വിദ്യാമന്ദിറിലെ അഖിലേഷ് ബാലകൃഷ്ണൻ, സമീർ ജെ., തൃശൂർ ഹരിശ്രീ വിദ്യാനിധിയിലെ ഹരിശങ്കർ പ്രദീപ്, ശ്യാം പിഷാരടി. എന്നിവരാണ് ഫൈനലിലെത്തിയ ടീമുകൾ.



*ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ്മത്സരത്തിൽ വിജയികളായ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര, വിഘ്നേഷ് കൃഷ്ണൻ എന്നിവർ ഐടിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യനിൽനിന്നും ട്രോഫി സ്വീകരിക്കുന്നു. ടിസിഎസ്വൈസ് പ്രസിഡന്റ് സുധീർ.വാര്യർ സമീപം.*

ക്വിസിലെ ഒന്നാം സ്ഥാനക്കാർക്ക് ഐപാഡ് എയറും രണ്ടാം സ്ഥാനക്കാർക്ക് ഐപാഡ് മിനിയും സമ്മാനമായി ലഭിച്ചു. കൂടാതെ ട്രോഫികളും മെഡലുകളും നൽകി. വിജയികൾക്ക് ഐടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പിഎച്ച്. കുര്യനും ടിസിഎസ് വൈസ് പ്രസിഡന്റ് സുധീർ വാര്യരും ചേർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തു.പിക് ബ്രെയിൻ എന്നറിയപ്പെടുന്ന ക്വിസ്മാസ്റ്റർ ഗിരി ബാലസുബ്രമണ്യവും സംഘവും രൂപപ്പെടുത്തിയ ആനിമേഷൻ അടിസ്ഥാനമാക്കിയ ക്വിസ് സോഫ്റ്റ്വെയറായിരുന്നു ഫൈനൽ മത്സരങ്ങളുടെ പ്രത്യേകത. ഫ്ളിപ്ബോർഡിങ്, ഡ്രോണിങ്, ഡിസ്റപ്റ്റീവ് തിങ്കിങ്, സോലോമോ (സോഷ്യൽ-ലോക്കൽ-മോബൈൽ).@ടിസിഎസ് എന്നിങ്ങനെയായിരുന്നു വിവിധ റൗണ്ടുകൾ. ഫൈനലിലെത്തിയ ആറ് ടീമുകൾക്ക് സ്പേയ്സ് പായ്ക്ക്. സിപ്പേഴ്സ്, ഇയർ ഫോൺ, യുഎസ്ബി പെൻ ഡ്രൈവ്, സ്പീക്കേഴ്സ് എന്നിങ്ങനെ സമ്മാനങ്ങൾ നൽകി. എട്ടു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിലെ (ജൂണിയർകോളജുകളിലെ പ്രീയൂണിവേഴ്സിറ്റി ഉൾപ്പെടെ) സ്കൂൾവിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുത്തത്.